# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരവാദത്തിനെതിരെ ഇന്ത്യയും, ഫിജിയും യോജിച്ച് പ്രവർത്തിക്കുമെന്ന് ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India and Fiji have reiterated zero tolerance towards terrorism by rejecting double standards on it. During the bilateral talks between Prime Minister Narendra Modi and Prime Minister of Fiji Sitiveni Rabuka in New Delhi, both leaders agreed to strengthen cooperation against terrorism .**

2. അഹമ്മദാബാദിൽ 5,400 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയം മുൻപ് തുടക്കം കുറിച്ചു; പ്രധാനമന്ത്രിയെ ഊഷ്മളമായി വരവേറ്റ് ഗുജറാത്ത് ജനത.

   **Prime Minister Narendra Modi launched development projects worth over Rs 5,400 Crore in Ahmedabad today. PM receives warm welcome on his arrival in Gujarat .**

3. അഭിപ്രായ സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിൻറെ ശക്തിയെന്ന് അഖിലേന്ത്യാ സ്പീക്കേഴ്സ് കോൺഫറൻസിൽ ലോക്സഭാ സ്പീക്കർ ഓം ബിർള.

Lok Sabha Speaker Om Birla has said that freedom of speech and expression is the strength of democracy. He was addressing two-day All India Speakers' Conference at Delhi legislative assembly today.

4. സപ്ലൈകോ ഓണച്ചന്തകൾക്ക് സംസ്ഥാനത്ത് തുടക്കമായി; ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

   Supplyco Onam fairs started in Kerala. Chief Minister Pinarayi Vijayan inaugurated the state-level event.

5. അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യണമെന്ന് ആരോഗ്യമന്ത്രി വീണാജോർജ്

   Kerala Government will launch state-wide mass drive to prevent amoebic meningoencephalitis. All wells in the state will be chlorinated on August 30 and 31st.

6. കനത്ത മഴയെ തുടർന്ന് ഹിമാചൽ പ്രദേശിൽ ജനജീവിതം ദുരിതത്തിൽ; രാജസ്ഥാനിൽ മഴക്കെടുതികളിൽ 10-ലേറെ മരണം.

   Normal life in Himachal Pradesh has been badly affected due to the continuous heavy monsoon rains. More than 10 people have died in Rajasthan in the last two days in rain-related incidents

************************************

## FINAL. INDIA FIJI MOU (INTRO)

മനുഷ്യരാശിക്ക് ഏറെ വെല്ലുവിളി ഉയർത്തുന്ന ഭീകരവാദത്തിനെതിരെ ഇന്ത്യയും ഫിജിയും യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഫിജി

പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം ന്യൂഡൽഹിയിൽ സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സൈബർ സുരക്ഷയിലും ഡാറ്റാ സംരക്ഷണത്തിലും ഇന്ത്യയും ഫിജിയും ഒരുമിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധ, സുരക്ഷാ മേഖലകളിൽ പരസ്പര സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങളും തീരുമാനിച്ചതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

ഫിജി തലസ്ഥാനമായ സുവയിൽ 100 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുമെന്നും ശ്രീ മോദി പ്രഖ്യാപിച്ചു. ഡയാലിസിസ് യൂണിറ്റുകൾ, സീ ആംബുലൻസുകൾ, ജൻ ഔഷധി കേന്ദ്രങ്ങൾ എന്നിവ ഇവിടെ സജ്ജമാക്കും. സമാധാനവും, സുസ്ഥിരതയും, വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഇരുരാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് സിറ്റിവേനി റബൂക്ക പറഞ്ഞു. ആരോഗ്യ സംരക്ഷണം, കൃഷി, ശേഷിവികസനം തുടങ്ങി വിവിധ മേഖലകളിൽ ഒൻപത് ധാരണാപത്രങ്ങളിലും ഇന്ത്യയും ഫിജിയും ഒപ്പുവച്ചു.

**************************************

## GUJARAT – PM VISIT

ഗുജറാത്തിലെ അഹമ്മദാബാദിൽ 5,400 കോടി രൂപയുടെ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി സംസ്ഥാനത്തെത്തിയ പ്രധാനമന്ത്രിക്ക് ആവേശകരമായ വരവേൽപാണ് ഗുജറാത്ത് ജനത ഒരുക്കിയത്. ഭീകരവാദികൾക്കെതിരെ രാജ്യം വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. പഹൽഗാമിലെ ഭീകരാക്രമണത്തിന് ഭീകരർക്ക് രാജ്യം നൽകിയ മറുപടി ഇതിൻറെ വ്യക്തമായ

ഉദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി . ആയിരം കോടി രൂപയുടെ അഹമ്മദാബാദ്, മെഹ്സാന, ഗാന്ധിനഗർ ഊർജ്ജ വിതരണ പദ്ധതിയുടെ ഉദ്ഘാടനം ശ്രീ മോദി ചടങ്ങിൽ നിർവഹിച്ചു. പി.എം ആവാസ് യോജനയിലൂടെ നടപ്പാക്കിയ രാംപീർ ചേരി പുനരധിവാധ പദ്ധതി, സർദാർ പട്ടേൽ റിങ് റോഡ് പുനർനിർമാണം എന്നിവയും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

************************************

## DELHI – SPEAKERS CONFERENCE (INTRO)

അഭിപ്രായ സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിൻറെ ശക്തിയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. എന്നാൽ സ്വാതന്ത്ര്യത്തെ അന്തസ്സുറ്റ നിലയിൽ വേണം ഉപയോഗിക്കാനെന്നും ഡൽഹി നിയമസഭയിൽ അഖിലേന്ത്യാ സ്പീക്കേഴ്സ് കോൺഫറൻസിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. പാർലമെൻറിൻറെ അന്തസ്സ് താഴ്ത്തുന്ന തരം ഇടപെടലുകൾ ആശങ്കയുണ്ടാക്കുന്നതായും, ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ ആത്മവിമർശനപരമായി ചിന്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

രണ്ട് ദിവസത്തെ സമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്പീക്കർ എ.എൻ.ഷംസീർ പങ്കെടുത്തു. ഡൽഹി സ്പീക്കർ വിജേന്ദർ ഗുപ്തയ്ക്ക് അദ്ദേഹം കേരള നിയമസഭയുടെ ഓണസമ്മാനം കൈമാറി.

************************************

## VP – ELECTION

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I.A

സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

***************************************

## PLFS-WOMEN EMPOWERMENT,

രാജ്യത്ത് വനിതകളുടെ തൊഴിലില്ലായ്മ നിരക്കിൽ ഗണ്യമായ കുറവുണ്ടായതായി കേന്ദ്ര തൊഴിൽ മന്ത്രാലയം. 2017-18 കാലയളവിൽ 5.6 ശതമാനമായിരുന്ന തൊഴിലില്ലായ്മ നിരക്ക് 2024 ൽ 3.2 ശതമാനമായി കുറഞ്ഞു. ഗ്രാമീണ മേഖലയിലെ വനിതകളുടെ തൊഴിലിൽ 96 ശതമാനത്തിൻറെയും, നഗരമേഖലയിൽ 43 ശതമാനത്തിൻറെയും വളർച്ച ഈ കാലയളവിൽ രേഖപ്പെടുത്തി. വനിതകളുടെ നേതൃത്വത്തിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ എണ്ണവും 2017 നും 2024 നുമിടയിൽ ഇരട്ടിയായി. 1.56 കോടി സ്ത്രീകൾ ഇക്കാലയളവിൽ പുതിയതായി തൊഴിൽസേനയുടെ ഭാഗമായതായും കണക്കുകൾ വ്യക്തമാക്കുന്നു.

***************************************

## ONAM FAIR - CM (INTRO)

മാതൃകാപരമായ വിപണി ഇടപെടലിലൂടെ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോയുടെ വിപണി ഇടപെടലാണ് അതിലേറ്റവും പ്രധാനമെന്നും അദ്ദേഹം പറഞ്ഞു. ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രിഓണക്കാലത്ത് 250 കോടിയിൽ കുറയാത്ത വിറ്റുവരവാണ് സപ്ലൈകോയിലൂടെ പ്രതീക്ഷിക്കുന്നതെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

(ഹോൾഡ്)

ജില്ലാകേന്ദ്രങ്ങളിൽ 10 ദിവസം നീളുന്ന ഓണം മെഗാഫെയറുകളും, 140 നിയമസഭാ മണ്ഡലങ്ങളിൽ അഞ്ച് ദിവസത്തെ ഫെയറുകളുമാണ് ഇക്കുറി സപ്ലൈകോ ഒരുക്കുന്നത്. സഹകരണവകുപ്പിന്റെ ഓണം വിപണികളും നാളെ മുതൽ പ്രവർത്തനം ആരംഭിക്കും. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ 1,800 സഹകരണ ഓണച്ചന്തകളാണ് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുക.

***********************************

## AMOEBIC

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. രോഗം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇതിനായി ജനകീയ ക്യാമ്പയിൻ ആരംഭിക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യണം. വീടുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഫ്ളാറ്റുകൾ തുടങ്ങി എല്ലായിടത്തേയും ജലസംഭരണ ടാങ്കുകൾ തേച്ചുകഴുകി വൃത്തിയാക്കണമെന്നും ആരോഗ്യമന്ത്രി നിർദ്ദേശിച്ചു. വയനാട് സ്വദേശിയായ യുവാവിനും അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി. രോഗ ഉറവിടം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്.

***********************************

## ATHAM

ഓണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ. ഓണാഘോഷങ്ങളുടെ പൂവിളിയുയർത്തി പൊന്നിൻ ചിങ്ങമാസത്തിലെ അത്തം നാളെ. അത്തച്ചമയ ഘോഷയാത്രയ്ക്കുള്ള

ഒരുക്കങ്ങൾ തൃപ്പൂണിത്തുറയിൽ പൂർത്തിയായി. നാടെങ്ങും പൂവിപണിയും സജീവമായിട്ടുണ്ട്.

***********************************

## HIMACHAL RAIN

കനത്ത മഴയെ തുടർന്ന് ഹിമാചൽ പ്രദേശിൽ ജനജീവിതം ദുരിതത്തിൽ. ചമ്പ, കാംഗ്ര ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. കുളു, മാണ്ഡി, ഹമീർപൂർ, ഉന, ബിലാസ്പൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. സംസ്ഥാനത്തെ ഒട്ടുമിക്ക നദികളും കരകവിഞ്ഞൊഴുകുകയാണ്. എട്ട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകി. മണ്ണിടിച്ചിലിനെ തുടർന്ന് മൂന്ന് ദേശീയപാതകളടക്കം 600-ലേറെ റോഡുകൾ അടച്ചിട്ട നിലയിലാണ്. കാംഗ്രയിലെ വിവിധ മേഖലകളിൽ പ്രളയ സമാന സാഹചര്യവും നിലനിൽക്കുന്നുണ്ട്.

***********************************

## JAIPUR- HEAVY RAINS

രാജസ്ഥാനിലെ ഉദയ്പൂർ, നഗൗർ, സിരോഹി അടക്കം വിവിധ ജില്ലകളിൽ നാല് ദിവസമായി കനത്ത മഴ തുടരുകയാണ്. മഴക്കെടുതിയിൽ 10-ലേറെ മരണങ്ങളും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തു. നഗരങ്ങളിലും, ഗ്രാമങ്ങളിലുമടക്കം താഴ്ന്ന മേഖലകളിൽ വെള്ളം കയറിയിട്ടുണ്ട്. മഴക്കെടുതിയിൽ കനത്ത നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്.

***********************************

## NATIONAL SPORTS DAY

ദേശീയ കായിക ദിനത്തോട് അനുബന്ധിച്ച് ഈ മാസം 29 മുതൽ 31 വരെ രാജ്യമെമ്പാടും ഫിറ്റ് ഇന്ത്യ പ്രചാരണം ഊർജ്ജിതമാക്കുമെന്ന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ.

ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിനെ ആദരിക്കുന്ന ചടങ്ങും ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിക്കും. രാജ്യമെമ്പാടും നടക്കുന്ന കായിക ദിനാഘോഷങ്ങളിൽ പ്രശസ്ത കായികതാരങ്ങളും ജനപ്രതിനിധികളും പങ്കെടുക്കും.

***********************************

## GOVT - GeM

ഗവൺമെൻറ് ഇ -മാർക്കറ്റ് പ്ലേസ്- ജെം പ്ലാറ്റ് ഫോമിലൂടെ 15 ലക്ഷം കോടി രൂപയുടെ വ്യാപാരം ഇതിനകം നടന്നതായി കേന്ദ്ര സർക്കാർ. 2016 മുതലാണ് ജെം പ്രവർത്തനം ആരംഭിച്ചത്. രാജ്യത്തെ MSME കൾ, സ്റ്റാർട്ട് അപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, എസ്.സി, എസ്.റ്റി, വനിതാ സംരംഭകർ തുടങ്ങിയവർക്ക് പ്രോത്സാഹനം പകരുന്ന വേദിയാണ് ജെം പ്ലാറ്റ് ഫോം എന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം വ്യക്തമാക്കി.

***********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

***********************************************************

***********************************